# പതിനാലാം കേരളനിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.329 — 27.02.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ലഹരിമരുന്നിനെതിരെ സ്വീകരിക്കുന്ന നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ലഹരിമരുന്നിനെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതിയിലൂടെ വിദ്യാർത്ഥികളേയും, പൊതുജനങ്ങളേയും ബോധവത്ക്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മദ്യം, പുകയില, മയക്കുമരുന്നുകൾ എന്നിവയുടെ ദൂഷ്യഫലങ്ങൾ വ്യക്തമാക്കി കൊണ്ടുള്ള എക്സിബിഷനുകൾ ബോധവത്ക്കരണ ക്ലാസ്സുകൾ ലഘുലേഖകളുടെ വിതരണം എന്നിവ സ്കൂളുകളിലും, കോളേജുകളിലും ഫീൽഡുതലത്തിലും ആരോഗ്യ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. |
| ബി) | സംസ്ഥാനത്ത് മയക്കുമരുന്നു കേസ്സുകൾ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ NDPS (എൻ. ഡി. പി. എസ്.) ആക്റ്റ് ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | ബി) | കേന്ദ്ര നിയമം ആയതിനാൽ NDPS ആക്റ്റ് ഭേദഗതി ചെയ്യേണ്ടത് കേന്ദ്ര സർക്കാർ ആണ്. കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിയ്ക്കുന്നതിന് നികുതി വകുപ്പിന് ശുപാർശ ലഭ്യമായിട്ടുണ്ട്. |
| സി) | മയക്കുമരുന്നു കേസ്സുകൾ കൈകാര്യം ചെയ്യുവാൻ ഇപ്പോഴുള്ള സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | മയക്ക് മരുന്ന് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ